**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4815** **20-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ നീണ്ടുപോകുന്നത് ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പ് നിർവഹിക്കുന്ന പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കാതെ നീണ്ടുപോകുന്നതു മൂലമുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കുമോ; വിശദമാക്കുമോ; പ്രസ്തുത ഇനത്തിലുള്ള നഷ്ടപരിഹാരമായി ഈ സർക്കാരിന്റെ കാലത്ത് ഈടാക്കിയ തുകയുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | കരാറുകാരുടെ അനാസ്ഥ നിമിത്തം പൂർത്തീകരണം നീണ്ടു പോകുന്ന പ്രവൃത്തികളിൽ കാരണക്കാരനായ കരാറുകാരിൽ നിന്ന് പിഴ അല്ലെങ്കിൽ അധിക ബാധ്യത ഈടാക്കാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ പ്രവൃത്തിയിൽ കാലതാമസം വരുത്തുന്ന കരാറുകാർക്ക് പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നത് പിഴ ചുമത്തിയിട്ടാണ്. നിരവധി തവണ നോട്ടീസ് നൽകിയിട്ടും കരാർ പ്രകാരം പ്രവൃത്തിയിൽ പുരോഗതി കൈവരിക്കാത്ത പ്രവൃത്തികൾ കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുകയും പ്രവൃത്തി പുനർ ക്രമീകരിക്കുകയും ചെയ്യുന്നു. പ്രവൃത്തി പുന:ക്രമീകരിച്ചതു മൂലം ഉണ്ടാകുന്ന അധിക ബാധ്യത വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്ന് നിയമപ്രകാരം ഈടാക്കുകയും ചെയ്യുന്നു.<br><br>പ്രസ്തുത ഇനത്തിലുള്ള നഷ്ടപരിഹാരമായി ഈ സർക്കാരിന്റെ കാലത്ത് ഓരോ വിഭാഗവും ഈടാക്കിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| വിഭാഗം | പിഴത്തുക |
|---|---|
| നിരത്തുകൾ | 139844690.83/- |
| കെട്ടിടം | 44996789/- |
| നിരത്ത് പരിപാലനം | 4074323/- |
| ആർ.ബി.ഡി.സി.കെ | 368000/- |
| കെ.ആർ.എഫ്.ബി.- പി.എം.യു- | 633600/- |
| റിക്ക് | 35230855/- |
| പാലങ്ങൾ | 57444870.69/- |
| ദേശീയ പാത | 134586.00/- |

| | |
|---|---|
| **ആകെ** | **2,82,727,714.52 /-** |

സെക്ഷൻ ഓഫീസർ